# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 22.08.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. **രാഷ്ട്രീയ വിഗ്യാൻ പുരസ്ക്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് സമ്മാനിക്കും.**

   President Draupadi Murmu will present the Rashtreeya Vigyan Puraskar today.

2. **പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പോളിഷ് പ്രധാനമന്ത്രി ഡോണൾഡ് ടസ്ക്കുമായി പ്രതിനിധിതല ചർച്ച നടത്തും. യുക്രൈൻ സന്ദർശനം നാളെ.**

   Prime Minister Narendra Modi will hold delegation-level talks with Polish Prime Minister Donald Tusk today ; will visit Ukraine tomorrow.

3. **കൊൽക്കത്തെയിൽ വനിതാ ഡോക്ടർ കൊല്ലപ്പെട്ട കേസിൽ സിബിഐ യുടെ തൽസ്ഥിതി റിപ്പോർട്ട് ഇന്ന് സുപ്രീംകോടതിയിൽ.**

   Central bureau of Investigation to file status report in connection with Kolkata doctor rape murder case in supreme court of India today.

4. **രാജ്യത്ത് നികുതി ദായകരുടെ എണ്ണം വർദ്ധിച്ചിരിക്കുകയാണെന്നും ഇതിലൂടെ നികുതി ദായക ശൃംഖല വ്യാപിക്കുകയാണെന്നും കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ.**

   The Union Finance Minister said that the number of tax payers in the country is increasing and through this the tax payer network is widening.

5. **കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ വകുപ്പ് സഹമന്ത്രി എൽ മുരുഗൻ ഇന്ന് കന്യാകുമാരി ജില്ലയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും.**

   Union Minister of State for Information and Broadcasting L Murugan will participate in various programs in Kanyakumari district today.

6. **അറബിക്കടലിൽ ലക്ഷദ്വീപിനോട് ചേർന്ന് ശക്തമായ കാറ്റ് വീശാൻ സാധ്യതയുള്ളതിനാൽ തീരദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം. നാളെ വരെ മത്സ്യബന്ധനത്തിന് വിലക്ക്.**

**Warning to Coastal Residents due to possibility of strong winds near Lakshadweep in Arabian Sea. Alert for fishermen till tomorrow.**

==================================

## RASHTRIYA VIGYAN PURASKAR - PREZ

രാഷ്ട്രീയ വിഗ്യാൻ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് സമ്മാനിക്കും. രാവിലെ 11 മണിക്ക് രാഷ്ട്രപതി ഭവനിലാണ് പുരസ്കാര ദാന ചടങ്ങ്. ഇത്തവണ ചന്ദ്രയാൻ - 3 ദൗത്യത്തിന് പിന്നിൽ പ്രവർത്തിച്ച ISROയിലെ ശാസ്ത്രജ്ഞർക്കാണ് പുരസ്കാരം നൽകുന്നത്. Vigyan Ratna അവാർഡ് I.I.S.T മുൻ ഡയറക്ടർ പ്രൊഫ. ജി പത്മനാഭന് സമ്മാനിക്കും. ശാസ്ത്ര-സാങ്കേതിക മേഖലയിലെ മികവിന് രാജ്യം നൽകുന്ന പരമോന്നത അംഗീകാരമാണ് രാഷ്ട്രീയ വിഗ്യാൻ പുരസ്കാരം.

==================================

## PM-POLAND VISIT-TALKS - (INTRO)

രണ്ട് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ഇന്നലെ പോളണ്ടിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഊഷ്മള സ്വീകരണം. 45 വർഷങ്ങൾക്ക് ശേഷമാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി പോളണ്ട് സന്ദർശിക്കുന്നത്. ഇന്ത്യ-പോളണ്ട് സൗഹൃദം ദൃഢമാക്കാൻ സന്ദർശനം വഴിയൊരുക്കുമെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

**വിശദാംശങ്ങളിലേക്ക്.........**

**- (VOICE.....)**

പോളിഷ് പ്രധാനമന്ത്രി ഡോണൾഡ് ടസ്ക്കുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് കൂടിക്കാഴ്ച നടത്തും. വിവിധ ഉഭയകക്ഷി വിഷയങ്ങളിൽ ഇരു നേതാക്കളും ചർച്ച നടത്തും. പോളിഷ് പ്രസിഡന്റ്

ആൺട്രോ ഡൂഡയുമായും ശ്രീ മോദി ഇന്ന് സംവദിക്കും. പ്രധാനമന്ത്രി മോദിക്ക് ഇന്ന് ഔപചാരിക വരവേൽപ് ലഭിക്കും. പോളണ്ടിലെ യുദ്ധ സ്മാരകത്തിൽ പ്രധാനമന്ത്രി പുഷ്പചക്രം അർപ്പിക്കും. പോളണ്ടിലെ വ്യവസായിക, സാമൂഹിക പ്രമുഖരുമായും പ്രധാനമന്ത്രി സംവദിക്കും. എല്ലാവരുമായി ബന്ധം സ്ഥാപിക്കാനും എല്ലാവരുടെയും ക്ഷേമവും വികസനവുമാണ് ഇന്ത്യ ലക്ഷ്യം വയ്ക്കുന്നതെന്നും പോളണ്ടിലെ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യുകൊണ്ട് ഇന്നലെ പ്രധാനമന്ത്രി വ്യക്തമാക്കിയിരുന്നു. ഇന്ന് എല്ലാ രാജ്യങ്ങളുമായുള്ള ബന്ധം കൂടുതൽ ശക്തമാക്കാനാണ് ഇന്ത്യയുടെ ലക്ഷ്യം. എന്നാൽ ദശാബ്ദങ്ങളായി മറ്റുള്ളവരുമായി അകലം പാലിച്ചുകൊണ്ടുള്ള നയമാണ് ഇന്ത്യ പിൻതുടർന്നു വന്നിരുന്നത്. ഇത് യുദ്ധത്തിന്റെ കാലഘട്ടമല്ല എന്നതാണ് ഇന്ത്യയുടെ നിലപാട്. പ്രശ്നങ്ങൾ ചർച്ചയിലൂടെയും നയതന്ത്ര ബന്ധങ്ങളിലൂടെയും പരിഹരിക്കാനാകുമെന്നാണ് ഇന്ത്യ പ്രതീക്ഷിക്കുന്നത്. മേഖലയിൽ സമാധാനത്തിനാണ് ഇന്ത്യ ഊന്നൽ നൽകുന്നതെന്നും വിശ്വബന്ധു എന്ന നിലയിൽ ലോകം ഇന്ന് ഇന്ത്യയെ ബഹുമാനിക്കുന്ന തായും പ്രധാനമന്ത്രി പറഞ്ഞു. സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ യുക്രൈനിലെത്തുന്ന പ്രധാനമന്ത്രി, യുക്രൈൻ പ്രസിഡൻറ് വൊളോഡിമിർ സെലൻസ്കിയുമായി ചർച്ച നടത്തും. 1992നു ശേഷം ആദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി യുക്രെയ്ൻ സന്ദർശിക്കുന്നത്. രാഷ്ട്രീയം, വ്യാപാരം, സാമ്പത്തികം, വിദ്യാഭ്യാസം, സാംസ്കാരികം തുടങ്ങി വിവിധ ഉഭയകക്ഷി വിഷയങ്ങളിൽ പ്രധാനമന്ത്രി ചർച്ച നടത്തും.

**ന്യൂസ് ഡെസ്ക് ആകാശവാണി.....**

==================================

# CBI – REPORT

കൊൽക്കത്തയിൽ യുവ വനിത ഡോക്ടർ കൊല്ലപ്പെട്ട സംഭവത്തിൽ കേസിന്റെ തൽസ്ഥിതി റിപ്പോർട്ട് സി ബി ഐ ഇന്ന് സുപ്രീംകോടതിയിൽ സമർപ്പിക്കും. അതേസമയം, ആർ ജി കർ മെഡിക്കൽ കോളേജ് മുൻ പ്രിൻസിപ്പലിനെ സിബിഐ ചോദ്യം ചെയ്യുന്നത് തുടരുകയാണ്. നിലവിലെ മെഡിക്കൽ സൂപ്രണ്ട്, വൈസ് പ്രിൻസിപ്പൽ എന്നിവരേയും ചോദ്യം ചെയ്യുകയാണ്.

കൊൽക്കത്ത സംഭവത്തിൽ മുഖ്യമന്ത്രി മമത ബാനർജിയുടെ രാജി ആവശ്യപ്പെട്ട് ബിജെപി പ്രതിഷേധം സംഘടിപ്പിച്ചു.

==================================

**MORN. IT MINISTRY- RG KAR INCIDENT**

പീഡനത്തിന് ഇരയായി കൊല്ലപ്പെട്ട, കൊൽക്കത്ത ആർജി കർ ആശുപത്രിയിലെ ഡോക്ടറുടെ വ്യക്തിഗത വിവരങ്ങൾ നീക്കം ചെയ്യണമെന്ന് ഇന്ത്യയിലെ സമൂഹ മാധ്യമ പ്ലാറ്റ്ഫോമുകളോട് വാർത്താവിനിമയ വിവരസാങ്കേതിക മന്ത്രാലയം ആവശ്യപ്പെട്ടു. ഡോക്ടറുടെ വ്യക്തി വിവരങ്ങൾ സംബന്ധിച്ച എല്ലാ പരാമർശങ്ങളും ഫോട്ടോഗ്രാഫുകളും ദൃശ്യങ്ങളും സമൂഹ മാധ്യമങ്ങളിൽ നിന്ന് നീക്കം ചെയ്യണമെന്ന് സുപ്രീംകോടതി നിർദ്ദേശിച്ചിരുന്നു. ഇത്തരം വിവരങ്ങൾ പ്രചരിപ്പിക്കുന്നവർക്കെതിരെ കർശന നിയമ നടപടികൾ ഉണ്ടാകുമെന്ന് മന്ത്രാലയം അറിയിച്ചു.

==================================

**SPACE DAY - JITENDRA SINGH**

പ്രഥമ ദേശീയ ബഹിരാകാശ ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന പരിപാടി രാഷ്ട്രപതി ദ്രൗപതി മുർമു നാളെ ഉദ്ഘാടനം ചെയ്യും. **"ജീവിതങ്ങളെ സ്പർശിച്ചു കൊണ്ട് ചന്ദ്രനെ തൊടുമ്പോൾ - ഇന്ത്യയുടെ ബഹിരാകാശ ഗാഥ"** എന്നതാണ് ഈ വർഷത്തെ പ്രമേയം. സമൂഹത്തിലും സാങ്കേതികവിദ്യയിലും ബഹിരാകാശ പര്യവേക്ഷണത്തിന്റെ സ്വാധീനത്തിന് ഊന്നൽ നൽകിയാണ് ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നത്. കഴിഞ്ഞ വർഷം ഓഗസ്റ്റ് 23-ന് ചന്ദ്രയാൻ 3 ദൗത്യം ചന്ദ്രോപരിതലത്തിൽ വിക്രം ലാൻഡർ ഇറക്കിയതിന്റെ സ്മരണയിലാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. കേവലം ദിനാഘോഷം മാത്രമല്ല ബഹിരാകാശ മേഖലയിൽ ഇന്ത്യയുടെ ഭാവി പ്രതിഫലിപ്പിക്കുന്ന ദിനം

കൂടിയാണിതെന്ന് ദിനാചരണത്തിന്റെ ഭാഗമായി ന്യൂഡൽഹിയിൽ നടത്തിയ വാർത്താസമ്മേളനത്തിൽ കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് പറഞ്ഞു.

====================================

## NIRMALA SITHARAMAN -IT NOTICE

നികുതിദായകർക്ക് നൽകുന്ന നോട്ടീസുകൾ ലളിതമായ ഭാഷയിലായിരിക്കണമെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. ഇത് സംബന്ധിച്ച നിർദേശം ആദായ നികുതി വകുപ്പിന് നൽകി. ആദായ നികുതിയുടെ 165 -ാമത് വാർഷിക ആഘോഷങ്ങളുടെ ഭാഗമായി ന്യൂഡൽഹിയിൽ സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു ധനമന്ത്രി. വിശദീകരണത്തിന്റെ കാരണവും നോട്ടീസിൽ വ്യക്തമാക്കണമെന്നും ശ്രീമതി നിർമല സീതാരാമൻ പറഞ്ഞു. രാജ്യത്തിന്റെ നികുതി ഘടന നികുതി ദായകരുടെ ആത്മവിശ്വാസം നേടിയിരിക്കുകയാണ്. നികുതി ദായകരുടെ എണ്ണം വർദ്ധിച്ചിരിക്കുകയാണെന്നും ഇതിലൂടെ നികുതി ദായക ശൃംഖല വ്യാപിക്കുകയാണെന്നും ധനമന്ത്രി അറിയിച്ചു. ആദായ നികുതിയുടെ 165-ാം വാർഷികത്തിന്റെ സ്മരണിക സ്റ്റാമ്പും പുറത്തിറക്കി.

====================================

## L MURUGAN

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ വകുപ്പ് സഹമന്ത്രി എൽ മുരുഗൻ ഇന്ന് നാഗർകോവിൽ സന്ദർശിക്കും. ഇന്നലെ തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തിയ അദ്ദേഹം റോഡ് മാർഗം നാഗർകോവിലിലേക്ക് പോയി. ഇന്ന് രാവിലെ നാഗർകോവിൽ അമൃത സർവ്വകലാശാല ക്യാമ്പസ് സ്ഥാപിക്കുന്ന ചടങ്ങിൽ അദ്ദേഹം പങ്കെടുക്കും. തുടർന്ന് കന്യാകുമാരിയിലെക്ക് പോകുന്ന അദ്ദേഹം പൊതു പരിപാടികളിൽ പങ്കെടുത്ത ശേഷം വൈകിട്ട് തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്ന് ന്യൂഡൽഹിയിലേക്ക് മടങ്ങും.

==================================

## CHAMPAI SOREN

പുതിയ രാഷ്ട്രീയ പാർട്ടി രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ച് ഝാർഖണ്ഡ് മുൻ മുഖ്യമന്ത്രിയും ഝാർഖണ്ഡ് മുക്തിമോർച്ച നേതാവുമായ ചമ്പൈ സോറേൻ. പാർട്ടി അംഗങ്ങളുമായി കൂടിയാലോചന നടത്തിയ ശേഷമാണ് തീരുമാനമെന്നും ഒരേ ചിന്താഗതിയുള്ള പാർട്ടികളുമായി സഖ്യം ചേരുമെന്നും അദ്ദേഹം പറഞ്ഞു.

==================================

## MORN. VAISHNAW- AI

ഇന്ത്യയുടെ എ.ഐ നയങ്ങൾക്ക് അമേരിക്കൻ ടെക് കമ്പനിയായ **എൻവിഡിയ** പിന്തുണ അറിയിച്ചതായി കേന്ദ്ര ഇലക്ട്രോണിക്സ്-ഐടി മന്ത്രി അശ്വിനി വൈഷ്ണവ്. എ.ഐ സാങ്കേതിക വിദ്യയെ പരിപോഷിപ്പിക്കുന്നത് സംബന്ധിച്ച് ചർച്ച നടത്തിയതായും ഇന്ത്യയുടെ പ്രാദേശിക വെല്ലുവിളികൾ നേരിടുന്നതിൽ എ.ഐ നിർണായകമാകുമെന്നും ശ്രീ വൈഷ്ണവ് പറഞ്ഞു. ഭാരതത്തിന്റെ സ്വന്തം എ.ഐ ചിപ്പ് നിർമ്മിക്കുന്നത് സംബന്ധിച്ച് ചർച്ച നടത്തിയതായും അദ്ദേഹം പറഞ്ഞു. ഇന്ത്യയുടെ എഐ ദൗത്യങ്ങൾക്ക് ഈ വർഷം മാർച്ചിൽ കേന്ദ്ര ക്യാബിനറ്റ് **10,372 കോടി** രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു.

==================================

## GIRIRAJ SINGH

ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ വികസനത്തിൽ കരകൗശല മേഖല നിർണായക പങ്കുവഹിക്കുന്നതായി കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രി ഗിരിരാജ് സിങ്. ന്യൂഡൽഹിയിൽ 24-ാമത് കരകൗശല കയറ്റുമതി അവാർഡുകൾ വിതരണം ചെയ്യുകയായിരുന്നു അദ്ദേഹം. നിലവിൽ മേഖല ഒൻപത് മുതൽ പത്ത് ശതമാനം വളർച്ച

കൈവരിച്ചതായും അദ്ദേഹം പറഞ്ഞു. കരകൗശല മേഖലയിൽ വനിതാ പ്രാതിനിധ്യം വർധിപ്പിക്കണമെന്നും ശ്രീ സിങ് പറഞ്ഞു.

====================================

## AP - EXPLOSION

ആന്ധ്രാപ്രദേശിൽ റിയാക്ടർ പൊട്ടിത്തെറിച്ച് ഏഴ് മരണം. അനകപ്പള്ളി ജില്ലയിലെ പ്രത്യേക സാമ്പത്തിക മേഖലയിൽ സ്ഥിതി ചെയ്യുന്ന എസ്സെൻഷ്യ ഫാർമ കമ്പനിയിലായിരുന്നു അപകടം. 30 പേർക്ക് ഗുരുതരമായി പരിക്കേറ്റു. സംഭവത്തിൽ മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു ദുഃഖം രേഖപ്പെടുത്തി.

====================================

## KERALA CM – KANNUR

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്നും നാളെയും കണ്ണൂർ ജില്ലയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും. രാവിലെ പിണറായി കൺവെൻഷൻ സെന്ററിൽ വയനാട് ദുരിതാശ്വാസ നിധി ഫണ്ട് ശേഖരണത്തിൽ അദ്ദേഹം സംബന്ധിക്കും.

====================================

## WEATHER WARNING - LKDP

അറബിക്കടലിൽ ലക്ഷദ്വീപിനോട് ചേർന്ന് മണിക്കൂറിൽ 45 കിലോമീറ്റർ മുതൽ 55 കിലോമീറ്റർ വരെ വേഗതയിലുള്ള ശക്തമായ കാറ്റ് വീശാൻ സാധ്യതയുള്ളതിനാൽ നാളെ വരെ മത്സ്യബന്ധനത്തിനും മറ്റ് വിനോദ പ്രവർത്തനങ്ങൾക്കും വിലക്ക് ഏർപ്പെടുത്തി. ബോട്ടുകൾ നിശ്ചിത അകലം പാലിച്ച് സുരക്ഷിതമായി കെട്ടിയിടണമെന്നും തീരദേശ വാസികൾ പ്രത്യേക ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പുണ്ട്.

====================================

## IMD

അസം, മേഘാലയ, ത്രിപുര എന്നിവിടങ്ങളിൽ അടുത്ത രണ്ട് ദിവസം അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഉത്തരാഖണ്ഡ്, ജമ്മു, കശ്മീർ,

ലഡാക്ക്, ഹിമാചൽ പ്രദേശ് എന്നിവിടങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴ ലഭിക്കും. കൊങ്കൺ, ഗോവ, ഗുജറാത്ത് എന്നിവിടങ്ങളിൽ അടുത്ത ഏഴ് ദിവസം ശക്തമായ മഴ ലഭിക്കുമെന്നാണ് മുന്നറിയിപ്പ്.

==================================

**BADMINTON - JAPAN OPEN**

ജപ്പാൻ ഓപ്പൺ ബാഡ്മിൻറൺ പുരുഷ സിംഗിൾസിൽ ഇന്ത്യൻ താരം സതീഷ് കുമാർ 16-ാം റൗണ്ടിലേക്ക് പ്രവേശിച്ചു. ഡെൻമാർക്ക് താരം പരിക്കുമൂലം പിൻവാങ്ങിയതോടെയാണ് സതീഷ് കുമാർ അടുത്ത റൗണ്ടിലേക്ക് കടന്നത്. വ്യാഴാഴ്ച നടക്കുന്ന മത്സരത്തിൽ സതീഷ് കുമാർ തായ് ലൻഡ് താരത്തെ നേരിടും.

==================================

**SREEJESH KERALA HOCKEY**

പാരിസ് ഒളിമ്പിക്സിൽ വെങ്കല മെഡൽ നേടിയ ഇന്ത്യൻ ഹോക്കി താരം പി ആർ ശ്രീജേഷിന് 2 കോടി രൂപ പാരിതോഷികം നൽകാൻ സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു. ഇന്നലെ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം.

==================================

**MISSING GIRL FOUND**

തിരുവനന്തപുരം കഴക്കൂട്ടത്ത് നിന്ന് കാണാതായ അസം സ്വദേശിനിയായ പതിമൂന്നുകാരിയെ കണ്ടെത്തി. 36 മണിക്കൂർ നീണ്ട തിരച്ചിലിന് ഒടുവിൽ താമ്പരം എക്സ്പ്രസിൽ നിന്നാണ് കുട്ടിയെ കണ്ടെത്തിയത്. പെരമ്പൂറിൽ നിന്നും ഗുവാഹത്തി യിലേക്ക് പുറപ്പെട്ട ട്രെയിൻ കേന്ദ്രീകരിച്ചായിരുന്നു പരിശോധന. ആർപിഎഫിന് കൈമാറിയ കുട്ടിയെ വിശാഖപട്ടണത്ത് നിന്ന് ഉടൻ കേരളത്തിലെത്തിക്കും.

==================================

## AIR SEMINAR

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ 75-ാം വാർഷികത്തോടനുബന്ധിച്ച് പോഷകാഹാര അവബോധ സെമിനാർ ഇന്ന് നടക്കും. പോഷകബലം പ്രാണബലം - എന്ന സെമിനാർ രാവിലെ 10 മണിക്ക് വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് ഹാളിലാണ് നടക്കുന്നത്. ഐ സി ഡി എസിന്റെ സഹകരണ ത്തോടെ സംഘടിപ്പിക്കുന്ന സെമിനാർ പ്രശസ്ത എഴുത്തുകാരി റോസ്മേരി ഉദ്ഘാടനം ചെയ്യും. പോഷക സുരക്ഷ സ്ത്രീകളിൽ, കുട്ടികളുടെ പോഷകാഹാരം തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസ് എടുക്കും.

==================================

## AARANMULA TEMPLE

ആറൻമുള ക്ഷേത്രത്തിലെ പ്രതിഷ്ഠാ ദിനമായ ഇന്ന് സംഘടിപ്പിക്കുന്ന ഉത്രട്ടാതി ആചാര ജലമേളയിൽ 25 പള്ളിയോടങ്ങൾ പങ്കെടുക്കും. രാവിലെ സത്രക്കടവിൽ നിന്നാണ് ജലഘോഷയാത്ര ആരംഭിക്കുന്നത്.

==================================

## SABARIMALA

ചിങ്ങമാസ പൂജകൾ പൂർത്തിയാക്കി ശബരിമല ക്ഷേത്ര നട അടച്ചു. ഓണം പൂജകൾക്കായി അടുത്ത മാസം 13-ന് വൈകിട്ട് അഞ്ചിന് വീണ്ടും നട തുറക്കും.

==================================

## HOCKEY- ODISHA

ഭുവനേശ്വർ വിമാനത്താവളത്തിലെത്തിയ ഇന്ത്യൻ ഹോക്കി ടീം അംഗങ്ങൾക്ക് ഊഷ്മള വരവേൽപ്പ് നൽകി ഒഡിഷ സർക്കാരും ആരാധകരും കലിംഗ സ്റ്റേഡിയത്തിൽ നടന്ന പരിപാടിയിൽ താരങ്ങൾക്കുള്ള സമ്മാനതുകയും കൈമാറി.

==================================

# MALAPPURAM NIPA

മലപ്പുറത്തെ നിപ പ്രതിരോധം വിജയമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. ഡബിൾ ഇൻക്യുബേഷൻ പീരീഡ് ആയ 42 ദിവസം കഴിഞ്ഞതിനാൽ നിയന്ത്രണങ്ങൾ പൂർണമായി ഒഴിവാക്കി. സമ്പർക്കപ്പട്ടികയിൽ ഉൾപ്പെട്ട 472 പേരേയും ഒഴിവാക്കിയിട്ടുണ്ട്. ആരോഗ്യ മന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേർന്ന് സ്ഥിതി വിലയിരുത്തി. ജാഗ്രത തുടരണമെന്ന് നിർദ്ദേശിച്ചു മന്ത്രി നിപ പ്രതിരോധത്തിൽ ഒറ്റക്കെട്ടായി പ്രവർത്തിച്ച എല്ലാവരെയും അഭിനന്ദിച്ചു.

==================================

==================================

==================================